മാതൃഭൂമി

14 January 2017

# നോട്ട് നിരോധനം: മത്സ്യവിലയിലും വില്പനയിലും കുറവ്

കൊച്ചി: നോട്ട് നിരോധനത്തിനു ശേഷം മത്സ്യവിലയിലും വില്പനയിലും കുറവുണ്ടായതായി സി.എം.എഫ്.ആർ.ഐ. സർവേ. മത്സ്യവിലയിൽ 15 മുതൽ 20 ശതമാനം വരെ കുറവാണുണ്ടായത്. ചില്ലറ വ്യാപാരത്തിൽ 30 മുതൽ 40 ശതമാനം വരെ കുറവുണ്ടായി.

മത്സ്യ ഉപഭോഗത്തിൽ 30-40 ശതമാനം വരെ കുറവ് സംഭവിച്ചത് ചെറുകിട വ്യാപാരികളെ പ്രതിസന്ധിയിലാക്കിയെന്നും ഈ സാമൂഹിക സാമ്പത്തിക സർവേ വ്യക്തമാക്കുന്നു.

എന്നാൽ നോട്ട് നിരോധിച്ചതിനു ശേഷമുള്ള ആദ്യത്തെ രണ്ടാഴ്ചകളിൽ സംസ്ഥാനത്തെ മത്സ്യമേഖല കാര്യമായ പ്രതിസന്ധിയില്ലാതെ പിടിച്ചുനിന്നതായും കണ്ടെത്തലുണ്ട്.

ഇന്ധനം വാങ്ങുന്നതിന് പഴയ അഞ്ഞൂറ്, ആയിരം നോട്ടുകൾ ഉപയോഗിക്കാൻ അവസരം ലഭിച്ചതിനാലാണിത്. കയറ്റുമതിയിലും മൊത്ത വ്യാപാരത്തിലും കാര്യമായ ഇടിവ് സംഭവിക്കാത്തത് മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമായെന്നും പഠനം വ്യക്തമാക്കുന്നു.

മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാനുള്ള ചെലവ് വഹിച്ചത് തരകന്മാരടക്കമുള്ള ഈ മധ്യവർത്തികളാണ്. ചെക്കുകളുടെ ഉപയോഗവും വൈകിയുള്ള വിനിമയവും നിലവിലുള്ളതിനാൽ കയറ്റുമതിയിൽ പ്രശ്നങ്ങളുണ്ടായില്ല.

മറ്റ് മൂല്യവർധിത ഉത്പന്നങ്ങൾക്ക് ഉപയോഗിക്കാമെന്നതിനാൽ മൊത്ത വ്യാപാരികളും മത്സ്യം വാങ്ങി. എന്നാൽ, മത്സ്യ ഉപഭോഗത്തിൽ കുറവ് വന്നത് ചെറുകിട മത്സ്യക്കച്ചവടക്കാരെ പ്രതിസന്ധിയിലാക്കിയെന്നും പഠനം പറയുന്നു.

സി.എം.എഫ്.ആർ.ഐ.യിലെ സാമൂഹിക, സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമിന്റെ നേതൃത്വത്തിലായിരുന്നു സർവേ.

ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, കയറ്റുമതിക്കാർ, മൊത്ത വ്യാപാരികൾ, ചെറുകിട കച്ചവടക്കാർ, ഉപഭോക്താക്കൾ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള 200 പേരിലാണ് സി.എം.എഫ്.ആർ.ഐ. ഗവേഷകർ സർവേ നടത്തിയത്. നോട്ടുകൾ നിരോധിച്ച നവംബർ എട്ടിന് മുമ്പും ശേഷവുമുള്ള 15 ദിവസങ്ങളിലെ കണക്കുകളാണ് സർവേയ്ക്ക് വേണ്ടി ഉപയോഗിച്ചത്.

ആവശ്യത്തിന് മത്സ്യം ലഭ്യമല്ലാത്തതാണ് മീൻ വാങ്ങാതിരിക്കാൻ കാരണമെന്ന് സർവേയിൽ പങ്കെടുത്ത 70 ശതമാനം ഉപഭോക്താക്കൾ അഭിപ്രായപ്പെട്ടു. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി മത്സ്യ ഉപഭോഗം കുറച്ചതായി 58.33 ശതമാനവും പറഞ്ഞു. ഉയർന്ന വിലയായതിനാൽ 38.33 ശതമാനവും ഗുണനിലവാരമില്ലാത്ത മത്സ്യമായതിനാൽ 23.33 ശതമാനവും ഇഷ്ടമുള്ള മത്സ്യം ലഭിക്കാത്തതിനാൽ 13.33 ശതമാനം ഉപഭോക്താക്കളും മത്സ്യം വാങ്ങിയില്ലെന്ന് സർവേ ഫലം വെളിപ്പെടുത്തുന്നു.